**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**(ഹാജർ : എസ്. സിദ്ധാർത്ഥൻ)**

വിഷയം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ടൈപ്പിസ്റ്റ് തസ്തികയിലെറേഷ്യോ പ്രൊമോഷൻ - ഉദ്യോഗക്കയറ്റം നൽകി താത്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ.(അ) നമ്പർ:- 7/16/ഫിൻ തീയതി 20.01.2016
2) ഈ കാര്യാലയത്തിലെ 20/05/2016 -ലെ എസ്.എ(2) 29875/15- ാം നമ്പർ ഉത്തരവ്

**ഉത്തരവ് നം. എസ്.എ(2) 33885/17 തീയതി : 12/1/2018**

പരാമർശം (1)ലെ 10 - ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിക 01/04/2016 മുതൽ പുനഃസ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ അനുപാതം 1:1:1:1 ആയി നിശ്ചയിച്ചുകൊണ്ടും, മേല്പറഞ്ഞ തസ്തികകളിൽ ഉൾപ്പെട്ടവരുടെ പട്ടികകൾ പ്രസിദ്ധീകരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

മേൽ ഉത്തരവിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ വിരമിക്കൽ / ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം എന്നിവയുടെ ഫലമായി വകുപ്പിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ 9 ഒഴിവുകൾ നിലവിലുണ്ട്. മേൽ ഒഴിവുകളിലേയ്ക്ക് പരാമർശം (2) ഉത്തരവിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ മുൻഗണനാക്രമത്തിൽ താഴെ പറയും പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 27800-59400 രൂപ ശമ്പള സ്കെയിലിൽ ഗ്രേഡ് പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നം | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ പേര് | ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി | ഒഴിവ് നിലവിൽ വന്ന വിധം |
|---|---|---|---|
| 1 | ശ്രീമതി.കെ. ഷീലാമ്മ | 24.5.2016 | ശ്രീമതി. ശാലിനി.പി-ക്ക് ഫെയർ കോപ്പി സൂപ്രണ്ടായി ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 2 | ശ്രീമതി.സി.ബിന്ദു | 7.6.2016 | ശ്രീ.ഇ.കെ. പ്രഭാകരന് ഫെയർ കോപ്പി സൂപ്രണ്ടായി ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 3 | ശ്രീമതി.എൻ.എ. സാബിറ | 1.8.2016 | ശ്രീ. ഗംഗാധരൻ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ് |
| 4 | ശ്രീമതി. ആർ. ശ്രീലത | 1.10.2016 | ശ്രീമതി.എ. കമലാക്ഷി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ് |
| 5 | ശ്രീമതി.ഇ.ആർ.റസിയ | 1.12.2016 | ശ്രീമതി. കെ.എ. ഫാത്തിമ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ് |

| | | | |
|---|---|---|---|
| 6 | ശ്രീമതി.കെ.പി.വിജയ | 15.1.2017 | ശ്രീമതി.പി.പി. ആമിന-ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 7 | ശ്രീമതി.മേരി സ്റ്റെല്ല | 15.1.2017 | ശ്രീമതി. വി.പി. ഷൈജക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 8 | ശ്രീ.പി.ബി. അശോകൻ | 1.4.2017 | ശ്രീമതി. പി.ചന്ദ്രിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ് |
| 9 | ശ്രീമതി..പി.സുധ | 1.6.2017 | ശ്രീമതി. കെ.കെ. പാത്തുമ്മ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ് |

മേൽ വിവരിച്ച പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ വന്ന ഒഴിവിൽ പരാമർശം (2) ഉത്തരവിലെ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ സീനിയർ ഗ്രേഡ് തസ്തികയിൽ 26500-56700 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | യു.ഡി ടൈപ്പിസ്റ്റിന്റെ പേര് | ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി | ഒഴിവ് നിലവിൽ വന്ന വിധം |
|---|---|---|---|
| 1 | ജ്യോതി വൽസലൻ.കെ. | 24.5.2016 | ശ്രീമതി. കെ.കെ. ഷീലമ്മയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 2 | നിഷ പുതിയവീട്ടിൽ | 7.6.2016 | ശ്രീമതി.സി.ബിന്ദു-ന് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 3 | പി.റ്റി.സുധ | 1.8.2016 | ശ്രീമതി.എൻ.എ. സാബിറയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 4 | സി.പി. മനോജ് കുമാർ | 1.10.2016 | ശ്രീമതി. ആർ. ശ്രീലതയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 5 | ആർ.മിനി | 1.12.2016 | ശ്രീമതി.ഇ.ആർ.റസിയ-ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 6 | നിത്യ.കെ.വി | 15.1.2017 | ശ്രീമതി.കെ.പി.വിജയ-ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 7 | നജ്മുനിസ്സ.എ | 15.1.2017 | ശ്രീമതി.മേരി സ്റ്റെല്ല-ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 8 | എം.കെ. സഹീദ് | 1.4.2017 | ശ്രീ.പി.ബി.അശോകൻ-ന് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |
| 9 | സുനിത.പി.ആർ | 1.6.2017 | ശ്രീമതി.പി.സുധ-യ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ് |

ഉദ്യോഗക്കയറ്റം/ തസ്തികമാറ്റം ലഭിച്ചവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട മേലധികാരികൾ/ നിയന്ത്രണാധികാരികൾ സേവനപുസ്തകങ്ങളിലെ വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിക്കേണ്ടതും പൊരുത്തക്കേടുള്ള പക്ഷം പ്രസ്തുത വിവരം ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. എല്ലാ മേലധികാരികളും/ നിയന്ത്രണാധികാരികളും/ നിയമനാധികാരികളും ഉദ്യോഗക്കയറ്റം/ തസ്തികമാറ്റം ലഭിച്ചവർക്കും (ഡെപ്യൂട്ടേഷൻ, അവധി തുടങ്ങിയവയിൽ തുടരുന്നവരുൾപ്പെടെ) ആക്ഷേപമുന്നയിച്ചവർക്കും ഉത്തരവിന്റെ പകർപ്പ് കൃത്യമായി നല്കേണ്ടതും ആയത് സംബന്ധിച്ച സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

ഈ ഉത്തരവ് പട്ടിക ക്രമപ്പെടുത്തുന്ന മുറയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

ഈ ഉത്തരവിന്റെ വ്യക്തിഗത പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കുന്നതല്ല. അതേ സമയം ഉത്തരവ്, ഉദ്യോഗക്കയറ്റ/ തസ്തികമാറ്റപ്പട്ടിക കൃഷി ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in - ൽ പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി ലഭിക്കാത്ത പക്ഷം ഈ വിഷയത്തിൽ ആക്ഷേപങ്ങൾ ഇല്ല എന്ന അനുമാനത്തിൽ പട്ടികയ്ക്ക് അന്തിമ രൂപം നൽകുന്നതാണ്.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും
(ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ / മേലധികാരികൾ മുഖാന്തിരം)

**പകർപ്പ്**

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസ് തലവന്മാർക്കും
2) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി.സെൽ) - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3) എസ്.എ.(3), ഒ & എം., അക്കൗണ്ട്സ് വിഭാഗങ്ങൾക്ക്
4) സ്റ്റോക്ക് ഫയൽ/ അധികം

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33